**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5605** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫയൽ മൂവ്മെന്റ് നടക്കുന്ന ഇ-ഓഫീസ് പോർട്ടലിൽ എം.എൽ.എ. മാർക്ക് ഫയലുകളുടെ നീക്കങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി ഫയൽ മൂവ്മെന്റ് അറിയാൻ സഹായിക്കുന്ന സിറ്റിസൺ പോർട്ടലും (https://eoffice.kerala.gov.in/) പരിഷ്കരിക്കേണ്ടതായി വന്നു. നവീകരണസമയത്ത് സിറ്റിസൺ പോർട്ടലിന്റെ പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെടുകയും, മുൻപ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ ലഭിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് സ്വീകരിക്കുകയും പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, വിവിധ ഡയറക്ടറേറ്റുകൾ, വിവിധ വകുപ്പുകൾ എന്നിവിടങ്ങളിലെ ഫയൽ സംബന്ധമായ അന്വേഷണങ്ങൾ വരുന്നതിനാൽ ഫയൽ നീക്കങ്ങൾ സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ. മാർക്ക് ലഭിക്കുന്നതിന് ഇ-ഓഫീസ് പോർട്ടലിൽ ആവശ്യമായ സൗകര്യം ലഭ്യമാക്കുമോ; വിശദമാക്കാമോ; | (ബി) | സിറ്റിസൺ പോർട്ടലിലെ (https://eoffice.kerala.gov.in/) ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥനാണ് നിലവിൽ ഫയൽ കൈകാര്യം ചെയ്യുന്നത് എന്ന വിവരം എം.എൽ.എ മാർക്കും പൊതുജനങ്ങൾക്കും അറിയാൻ സാധിക്കും. |
| (സി) | ഇത് സംബന്ധിച്ച എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സിറ്റിസൺ പോർട്ടലിലെ (https://eoffice.kerala.gov.in/) ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥനാണ് നിലവിൽ ഫയൽ കൈകാര്യം ചെയ്യുന്നത് എന്ന വിവരം എം.എൽ.എ മാർക്കും പൊതുജനങ്ങൾക്കും അറിയാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ